# ചരിത്രം

കളമശ്ശേരി നഗരസഭ 1990 ഏപ്രിൽ 1 നിലവിൽ വന്നു. തൃക്കാക്കര നോർത്ത് വില്ലജ്, വാഴക്കാല, കാക്കനാട് എന്നീ വില്ലേജുകൾ ഭാഗീകമായും ഉൾപ്പെടുന്ന പ്രദേശം. ഏറണാകുളം ജില്ലയിൽ കണയന്നൂർ താലുക്കിൽ 27 കി.മി ചുറ്റളവിൽ സ്ഥിതിചെയ്യുന്നു.

പൊന്നോണത്തിന്റെ ഐതീഹ്യവുമായി ബന്ധപ്പെട്ട തൃക്കാക്കര മഹാക്ഷേത്രം നമ്മുടെ നഗരസഭ അതിർത്തിയിലാണ്. ഈ ക്ഷേത്രത്തെപറ്റി ധാരാളം ഐതീഹ്യങ്ങൾ നിലനിൽക്കുന്നു. പ്രാചീന കേരള ദേശത്തിന്റെ തലസ്ഥാനം തൃക്കാക്കര ആയിരുന്നു വെന്നു നിരവധി ചരിത്രകാരന്മാർ സമരിക്കുന്നു.

ഓണം നടപ്പാക്കിയത് ''മന്ന'' രാജാവ് എന്ന പ്രസിദ്ധനായ കേരള രാജാവായിരുന്നുവെന്നും അലഹബാദ് ലിഖിതങ്ങളിൽ കാണുന്നു.

മഹാബലിയെ പാതാളത്തിലേക്ക് അനുഗ്രഹിച്ചു താഴ്ത്തിയെന്നു ഐതീഹ്യം അടിസ്ഥാനപ്പെടുത്തി ആണ്ടിലൊരിക്കൽ പ്രജകളെ കാണാനെത്തുന്ന ദിനത്തെ ഓണമായി കേരളീയർ കൊണ്ടാടുന്നു. കേരളത്തിലെ ഏക വാമന ക്ഷേത്രവും ഇവിടെയാണ്. നഗരസഭയിലെ വിവിധ മതദേവാലയങ്ങൾ ചരിത്ര യഥാർത്യങ്ങൾക്ക് ശക്തി പകരുന്നവയാണ്. പുരാതനകാലം മുതലേ എല്ലാ മതങ്ങളുടെയും ആരാധന നിലനില്ക്കുന്നു.

ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ പ്രാചീന കേരളത്തിന്റെ തലസ്ഥാനമായിരുന്നു കളമശ്ശേരിയെന്ന് ചരിത്രകാരന്മാർ സമർത്ഥിക്കുന്നു. പൊന്നോണത്തിന്റെ ഐതഹ്യവുമായി ബന്ധപ്പെട്ട് തൃക്കാക്കര ക്ഷേത്രം - കേരളത്തിലെ ഒരേ ഒരു വാമന ക്ഷേത്രം ഈ നഗരാതിർത്തിയിലാണ്. കാൽക്കരൈയിൽ നാട് എന്ന പേര് ഈ പ്രദേശത്തിനുണ്ടായിരുന്നു. അത് പിന്നീട് കാക്കരൈ എന്നായത്രെ. അതാണ് തൃപ്പദം ചേർന്ന് തൃക്കാക്കര ആയത്.

എ.ഡി.10 മുതൽ 13 വരെയുള്ള നൂറ്റാണ്ടുകളിലേതെന്നു പറയപ്പെടുന്ന തൃക്കാക്കര ക്ഷേത്രത്തിലെ വട്ടെഴുത്ത് ലിഖിതങ്ങളിൽ മേൽസൂചനയ്ക്ക് ശക്തി നൽകുന്നു. തൃക്കാക്കര എന്നതിനെ കാൽക്കരൈ എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ഇന്നത്തെ കണയന്നൂർ, കുന്നത്തുനാട്, മുവാറ്റുപുഴ താലൂക്കുകളുടെ ഭൂരിഭാഗം പ്രദേശങ്ങൾ ചേർന്നതാണത്രേ കാൽക്കരൈ നാട്. കാൽക്കരൈ നാടിന്റെ ഭരണ പ്രാതിനിധ്യ സ്വഭാവമുള്ള സഭ (കൂട്ടം) തൃക്കാക്കര ക്ഷേത്രത്തിൽ സമ്മേളിച്ചിരുന്നു. അറുന്നുറ്റുവർ എന്ന് ചരിത്രത്തിൽ അറിയപ്പെട്ടിരുന്ന ഈ സഭയുടെ പരാമർശം, തൃക്കാക്കര ക്ഷേത്രത്തിന്റെ ശിലാരേഖയിൽ തന്നെയുണ്ടെന്ന് ചരിത്രരേഖാവക്താക്കൾ പറയുന്നു.

എ.ഡി.2-ാം ശതകത്തിൽ ഇന്ത്യ സന്ദർശിച്ച ടോളമി തുറമുഖപട്ടണമായ മുസ്സിരീസിനെ (ഇന്നത്തെ കൊടുങ്ങല്ലൂർ) പറ്റിപ്പറയുന്ന കൂട്ടത്തിൽ അതിനടുത്ത് ഉള്ളിലേക്ക് മാറിക്കിടക്കുന്ന കൗരൗര കേരള പുത്രന്റെ തലസ്ഥാനമാണെന്ന് പറയുന്ന ഈ കൗരൗര തൃക്കാക്കരയെയാണ് സംശയിക്കുന്നത്. ഇതിന് ഉപോൽബലകമായി നിരത്തുന്ന വാദഗതി ടോളമി രേഖപ്പെടുത്തിയിട്ടുള്ള മുസ്സിരീസ് (കൊടുങ്ങല്ലൂർ) കൗരൗര (തൃക്കാക്കര) ഓദോംപേരൂർ (ഉദയംപേരൂർ) എന്നീ സ്ഥലങ്ങൾ ഒരേ രേഖയിലാണെങ്കിലും ഇതിനു പടിഞ്ഞാറുവശം അറബിക്കടലായിരുന്നെന്നുമാണ്. ഇതിൽ കരലോപിച്ച് കരയായതാണെന്നും, തിരുകാൽ എന്ന പ്രയോഗം ക്ഷേത്രസ്ഥാപനത്തിനു ശേഷം വന്നതാണെന്നുമാണ് വാദഗതി.

എ.ഡി.4-ാം ശതകത്തിൽ കേരള രാജ്യത്തിന്റെ തലസ്ഥാനം തൃക്കാക്കരയായിരുന്നു വെന്നും ഓണം നടപ്പാക്കിയത് മന്നരാജാവ് എന്ന പ്രസിദ്ധനായ കേരള രാജാവായിരുന്നുവെന്ന് അലഹബാദ് ലിഖിതങ്ങളിൽ കാണുന്നു.

കാർഷിക വിളവെടുപ്പിനെ ജനങ്ങൾ ഓണമായിട്ടാണ് ആഘോഷിച്ചിരുന്നു. ചിങ്ങമാസം വിളവെടുപ്പിന്റെ കാലമാണല്ലോ. ഇക്കാലത്തു വിളയുന്ന ഒരു നെല്ലിന്റെ പേരുതന്നെ ഓണവട്ടൻ എന്നായിരുന്നുപോലും. നെൽച്ചെടിയിൽ കുലക്കൂമ്പ് അഥവാ പൊതുമ്പ് രൂപപ്പെടുമ്പോൾ പൊതുമ്പോണം ആഘോഷിക്കാറുണ്ടായിരുന്നു. പുത്തരിയുണ്ണുക എന്ന വാക്കും ഈ കാർഷിക വൃത്തിയുമായി ബന്ധപ്പെട്ടതാണല്ലോ.

ഏതായാലും നമ്മുടെ നഗരസഭയിൽ ഇന്നുള്ള തൃക്കാക്കര ക്ഷേത്രവും അതിന്റെ പരിസര പ്രദേശങ്ങളും അവഗണിക്കാൻ പറ്റാത്ത ചരിത്ര പ്രാധാന്യത്തോടെ ഇന്നും നിലകൊള്ളുന്നു. ഇന്നത്തെപ്പോലെത്തന്നെ ഭാവിയിലെ ഏതു ചിത്രകാരനും കേരള ചരിത്രാന്വേഷണത്തിന്റെ ആരംഭം തൃക്കാക്കരയിൽ നിന്നായിരിക്കും തുടങ്ങേണ്ടി

വരിക. അവിടുത്തെ ശിലാരേഖകൾ കാലത്തിനു മാറ്റാൻ കഴിയാത്ത രീതിയിൽ സംരക്ഷിക്കപ്പെടേണ്ടത് നഗരവാസികളുടെ കൂടി കടമയാണ്.

ക്ഷേത്രത്തെയും രാജഭരണത്തെയും കുറിച്ച് പറയുമ്പോൾ അവഗണിക്കാൻ കഴിയാത്ത ഒന്നാണ് കൊരക്കംപിള്ളി ക്ഷേത്രം. രാജാവിന്റെ നായർ പടയാളികളെ അയോധനവിദ്യ അഭ്യസിച്ചിരുന്നത് കൊരക്കംപിള്ളി ആശാന്മാരായിരുന്നു. ഇന്നത്തെ പ്രീമിയർ ടയേഴ്സ് കമ്പനി, റയിൽവേ സ്റ്റേഷൻ എന്നിവയിരിക്കുന്ന സ്ഥലങ്ങൾ ഒരുകാലത്ത് വെട്ടത്തുകളരി എന്നറിയപ്പെട്ടിരുന്നത്. കളരി ക്ഷേത്രം ഇന്നും കൊരക്കംപിള്ളി ആശാന്മാരുടെ അധീനതയിൽ തന്നെയാണ്. വെട്ടത്തുകളരിയും കൊരക്കംപിള്ളി ആശാന്മാരുടെ വീടും തമ്മിലുള്ള അകലം 2 കിലോമീറ്റർ ആണെന്നിരിക്കെ ഈ വാദഗതിയെ നാം തള്ളിക്കളയേണ്ടതില്ല. മാത്രമല്ല, ഒരു കാലത്ത് കളമശ്ശേരി കളമർ ചേരിയായിരുന്നു എന്ന വാദത്തിന് കൂടുതൽ പ്രസക്തി കൈവരുന്നു. കാരണം കളമർ എന്ന പദത്തിന് ശൂദ്രർ എന്നാണ് ശ്രീകൺഠേശ്വരം നൽകിയിരുന്ന അർത്ഥം. ഈ സൈന്യത്തെ വിന്യസിപ്പിച്ചിരുന്ന സ്ഥലമാണ് പടമുകൾ എന്നും (ഈ സ്ഥലം ഇപ്പോൾ നമ്മുടെ നഗരസഭയിലില്ല) ക്ഷേത്രത്തിലെ നെല്ലുകുത്തുന്ന ഉമി നിക്ഷേപിച്ചിരുന്ന സ്ഥലമാണെന്ന ഉമിച്ചിറ (ഉണിച്ചിറ) എന്നും പറയപ്പെടുന്നു. ചരിത്ര പ്രാധാന്യമുണ്ടെന്ന് പറയപ്പെടുന്ന സ്ഥലങ്ങൾ ഇനിയും നമ്മുടെ നഗരസഭാതിർത്തിയിൽ ധാരാളമുണ്ട്. എല്ലാം വിവരിക്കുക അസാദ്ധ്യമാണ്. എങ്കിലും അതിലൊന്നാണ് കോട്ടക്കുന്ന്. വട്ടേക്കുന്നം കരയിലെ കോട്ടക്കുന്ന് ടിപ്പുവിന്റെ പടയാളികളുടെ ഒളിസങ്കേതമായിരുന്നുവത്രേ. പ്രകൃതിദത്തമായ കിടങ്ങുകൾ ഉണ്ട് എന്നതൊരു വാസ്തവമാണ്. പക്ഷേ ഈ സ്ഥലം കാർബോറാണ്ടം യൂണിവേഴ്സൽ എന്ന സ്വകാര്യ കമ്പനിയുടെ കൈവശമാണ്. തൃക്കാക്കര ഉൽസവത്തിനായി എത്തിയിരുന്ന ആനകളെ കൂട്ടമായി കെട്ടിയിരുന്ന സ്ഥലത്തെ കളഭശ്ശേരി എന്നു വിശേഷിപ്പിച്ചിരുന്നു. അത് പിന്നീട് കളമശ്ശേരി ആയി. അങ്ങനെ വിവരണാതീതമായ ചരിത്രപ്രാധാന്യം കളമശ്ശേരിക്കുണ്ട്.

നഗരസഭയിലെ വിവിധ മതദേവാലയങ്ങൾ ചരിത്രയാഥാർത്ഥ്യങ്ങൾക്ക് ശക്തി പകരുന്നവയാണ്.

1-1-63 മുതൽ 1-12-63 വരെ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും സ്പെഷ്യൽ ഓഫീസർ ഭരണമുണ്ടായിരുന്നു. 1-1-64 ൽ ശ്രീ. പി.എ. ബീരാക്കുട്ടിയുടെ നേതൃത്വത്തിൽ രണ്ടാമത് ഭരണസമിതി സത്യപ്രതിജ്ഞ ചെയ്തു. കക്ഷിരാഷ്ട്രീയത്തിന്റെ പ്രതിഫലനം തികച്ചും പ്രകടമായിരുന്ന ഈ തെരഞ്ഞെടുപ്പിൽ അവിഭക്ത കമ്മ്യൂണിസ്റ്റ്

പാർട്ടിക്ക് അഞ്ചും, കോൺഗ്രസ്സിന് നാലും സീറ്റുകൾ കിട്ടി. ജനസംഖ്യാ അടിസ്ഥാന ത്തിൽ വാർഡുകളുടെ എണ്ണം ആറിൽനിന്നും എട്ട് ആയി ഉയർന്നിരുന്നു. ഒരു സംവരണ സീറ്റ് ഉൾപ്പെടെ 9 അംഗ സമിതിയാണ് മൊത്തം ഉണ്ടായിരുന്നത്. സർവ്വശ്രീ വി.പി. മരയ്ക്കാർ, കെ.എൻ. അച്ചുതൻപിള്ള, ഇ.എ. മൊയ്ദീൻ, അബ്ദുൾ ഖാദർ പാണാടൻ, പി.എ. മീതിയൻ, പി.എം. അബ്ദുൾ റഹിമാൻ, കെ.വർക്ക്ഷീസ്, കെ.കെ. അയ്യപ്പൻ (സംവരണം) എന്നിവയായിരുന്നു മറ്റ് ഭരണസമിതി അംഗങ്ങൾ. ഇതിൽ കെ.എൻ. അച്ചുതൻപിള്ളയായിരുന്നു വൈസ് പ്രസിഡന്റ്. വനിതാ മെമ്പറെ നോമിനേറ്റ് ചെയ്യണം എന്ന സർക്കാർ നിർദ്ദേശ പ്രകാരം ശ്രീമതി സരോജിനി ബാലാനന്ദൻ ഈ സമിതിയി ലേക്ക് നോമിനേറ്റ് ചെയ്യപ്പെട്ടു. 1974 ആഗസ്റ്റ് അവസാനംവരെ ഈ സമിതി ആയിരുന്നു പഞ്ചായത്ത് ഭരിച്ചിരുന്നത്.

ഈ കാലഘട്ടങ്ങളിലെല്ലാം വ്യവാസായിക വികസനത്തിന്റെ ഭാഗമായി കളമശ്ശേരി കുതിച്ചു വളരുകയായിരുന്നു. ജനസംഖ്യ അനിയന്ത്രിതമായിക്കൊണ്ടിരുന്നു. ജനങ്ങളുടെ അടിസ്ഥാന സൗകര്യാവശ്യങ്ങൾ വിപുലമായിക്കൊണ്ടിരുന്നു. നിരത്തുകളും വഴിവിള ക്കുകളും എത്രയായാലും മതിവരാത്ത അവസ്ഥാവിശേഷത്തിലായി. 1979 ഒക്ടോബർ 2-ാം തീയതി ശ്രീമതി സരോജിനി ബാലാനന്ദൻ പ്രസിഡന്റായി സത്യപ്രതിജ്ഞ ചെയ്ത പ്പോൾ ജനസംഖ്യാടിസ്ഥാനത്തിൽ വിഭജിക്കപ്പെട്ട 12 വാർഡുകൾ നിലവിലുണ്ടായി രുന്നു. ശ്രീ. എൻ.എം. ഉമ്മറായിരുന്നു വൈസ് പ്രസിഡന്റ് 12 സീറ്റിലും ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണ് ആ തെരഞ്ഞെടുപ്പിൽ വിജയിച്ചത്. 10 ജനറൽ സീറ്റ് കൂടാതെ ഒരു ഹരിജൻ സംവരണവും, ഒരു വനിതാ സംവരണവുമാണ് അന്നുണ്ടാ യിരുന്നത്. മേൽപ്പറഞ്ഞവരെ കൂടാതെ എൻ. ബാഹുലേയൻ, കെ.പി. ചെല്ലപ്പൻ പിള്ള, ഒ.ആർ. തങ്കപ്പൻ, കെ.കെ. പരീത്, പത്മനാഭപണിക്കർ, പി.ആർ. വേലായുധൻ, പി.കെ. അബ്ദുൾ കരീം, പി.കെ. രാജൻ, പി.എ. ബീരാക്കുട്ടി, പി.കെ. മുഹമ്മദ് എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ടത്. ഇതിൽ പി.എ. ബീരാക്കുട്ടിയുടെ നിര്യാണത്തെ തുടർന്ന് നടന്ന ഉപതിരഞ്ഞെടുപ്പിൽ (1979 ഡിസംബറിൽ) കോൺഗ്രസ്സ് അംഗമായ ജി. രവീന്ദ്രനാഥ് തിരഞ്ഞെടുക്കപ്പെട്ടു. 1988 മുതൽ ശ്രീ. പി. മണികണ്ഠൻ പ്രസിഡന്റായിരുന്നു. ശ്രീ.പി.കെ. മുഹമ്മദായിരുന്നു വൈസ് പ്രസിഡന്റ്. 12ൽ നിന്നും 15 ലേക്ക് വാർഡുകളുടെ എണ്ണം ഉയർന്നു. 11 എൽ.ഡി.എഫും. 4 യു.ഡി.എഫും ആണ് തെരെഞ്ഞെടുക്കപ്പെട്ടത്. പ്രസിഡന്റ്, വൈസ് പ്രസിഡന്റ് ഇവരെക്കൂടാതെ കെ.പി. അബ്ദുൾ കരീം, എൻ.യു. അബ്ദുൾ ഖാദർ, പി.പി. അശോക് കുമാർ, എം.കെ.സാംബജി, കെ.ബി. വർഗ്ഗീസ്,

എ.എം. യൂസഫ്, സഫിയാ പരീത്, പി.കെ. പത്മനാഭൻ, ഐ.എം. അബ്ദുൾ റഹിമാൻ, പി.കെ.രാജൻ, എം.എം. അബൂബക്കർ, സാറാമ്മ ജോസഫ്, വി.എൻ.ബാബു എന്നിവരായിരുന്നു മെമ്പർമാർ. 1-4-1990 ൽ പഞ്ചായത്ത് മുനിസിപ്പാലിറ്റി ആയി രൂപാന്തരപ്പെട്ടതോടെ മുൻ പഞ്ചായത്ത് ഭരണ സമിതിയെ ഉപദേശക സമിതിയായി തുടരാൻ സർക്കാർ നിർദ്ദേശിച്ചു. പി. മണികണ്ഠൻ ഉപദേശക സമിതി ചെയർമാൻ ആയിരുന്നു. ഈ സമിതി 30-6-1992 വരെ ഉണ്ടായിരുന്നുള്ള. 1-4-1990 മുതൽ 1995 ഒക്ടോബർ 4 വരെ സ്പെഷ്യൽ ഓഫീസർ ഭരണമായിരുന്നു. ശ്രീ. അലോഷ്യസ് മാത്യു ആയിരുന്നു സ്പെഷ്യൽ ഓഫീസർ.

കളമശ്ശേരി, നഗരസഭ 46 വാർഡുകളായി ഉയർത്തി. പുരാതന കാലം മുതലേ എല്ലാ മതങ്ങളുടെയും ആരാധന നിലനിന്നിരുന്നു. മുസ്ലീം മതവിശ്വാസികൾ ആരാധന നടത്തിയിരുന്ന പള്ളികൾ ഒട്ടേറെയുണ്ട്. അവയിൽ എടുത്തു പറയുന്നവ പാലയ്ക്കമുഗൾ ജുമാ മസ്ജിദ്, വട്ടേക്കുന്നം ജുമാ മസ്ജിദ്, ഞാലകം ജുമാ മസ്ജിദ് എന്നിവയാണ്. ഹൈന്ദവ വിശ്വാസങ്ങളിൽ പ്രമുഖ സ്ഥാനം തൃക്കാക്കര ക്ഷേത്രത്തിന് പറയുമ്പോൾ, ഒട്ടും കുറച്ച് കാണാൻ കഴിയാത്ത ക്ഷേത്രങ്ങൾ കൂനംതൈ സുബ്രഹ്മണ്യ ക്ഷേത്രം, ചുള്ളിക്കാവ് ഭഗവതി ക്ഷേത്രം, കുണ്ടക്കാട്ട്കാവ് ഭഗവതി ക്ഷേത്രം, കുരക്കംപള്ളി ക്ഷേത്രം, വിടാക്കുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രം.

ക്രിസ്തീയ സഭയുടെ പ്രാർത്ഥനയ്ക്കായി കപ്പേളകളും പള്ളികളും ഒട്ടേറെ ഇതിനകം നമ്മുടെ മേഖലയിൽ വന്നിട്ടുണ്ടെങ്കിലും അവയിൽ എടുത്തു പറയേണ്ടവ പത്താംപീയൂസ് പള്ളി, സെന്റ് ജോസഫ് പള്ളി, ഹോളി ഏഞ്ചൽസ് എന്നിവയാണ്.

യാത്രയ്ക്കായി വാഹനസൗകര്യമില്ലാതിരുന്ന പൂർവ്വകാലത്ത് കേരളത്തിന്റെ തെക്കുനിന്നു വടക്കോട്ടും വടക്കുനിന്നും തെക്കോട്ടും കാൽനടയായി പോയിരുന്ന അനേകായിരം ആളുകൾക്ക് അവർ തലച്ചുമടായി കൊണ്ടുപോയിരുന്ന ഭാരം ഇറക്കി വയ്ക്കാൻ ഇപ്പോഴത്തെ പ്രീമിയർ കവലയിൽ അത്താണിയുണ്ടായിരുന്നു. ശിവരാത്രികാലങ്ങളിലും മറ്റും ഇവിടെ കേന്ദ്രീകരിക്കുന്ന ജനങ്ങൾക്ക് സൗജന്യമായി മോരും വെള്ളവും, ശർക്കര വെള്ളവും നൽകുന്ന ചെറ്റയ്ക്കൽ എന്ന ഒരു കുടുംബക്കാർ ഉണ്ടായിരുന്നു. ഇവിടെ തണ്ണീർ പന്തൽ എന്ന് അറിയപ്പെട്ടിരുന്നു.

ചരിത്രതാളുകളിൽ തിളങ്ങി നിൽക്കുന്ന ഒട്ടേറെ മഹാരഥന്മാരുടെ പാദസ്പർശം കൊണ്ട് നഗരസഭാ പ്രദേശം ധന്യമായിട്ടുണ്ട്. മുൻ ഇന്ത്യൻ പ്രസിഡന്റ് ശ്രീ. വി.വി. ഗിരി, ഭാരതനാടിന്റെ പ്രഥമ പ്രധാനമന്ത്രിയായിരുന്ന ശ്രീ. ജവഹർലാൽ നെഹ്രു, പ്രധാനമന്ത്രിമാരായിരുന്ന ശ്രീമതി ഇന്ദിരാഗാന്ധി, ശ്രീ. രാജീവ് ഗാന്ധി, ശ്രീ.വി.പി.സിംഗ്, എന്നിവരെ കൂടാതെ ക്രിസ്ത്രീയ സഭയയുടെ പരമാദ്ധ്യക്ഷൻ അഭിവന്ദ്യ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പയും ഇവിടെ സന്ദർശിച്ചവരിൽ ഉൾപ്പെടുന്നു.